സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ് കർമ്മസമിതികളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും.

(സി) ഇല്ല.

(ഡി) ഉൾപ്പെടുത്തിയിട്ടില്ല.

13 (*428) ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പു പദ്ധതി

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന സെൽഫ് ഹെൽപ്പ് ഗ്രൂപ്പു പദ്ധതിയുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഈ പദ്ധതി ഇപ്പോൾ എതൊക്കെ ജില്ലകളിൽ നടപ്പാക്കിവരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതിയുടെ നടത്തിപ്പിനായി നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പരിശോധിക്കുന്നുണ്ട്.

(ബി) ഗ്രൂപ്പിന്റെ അംഗങ്ങളുടെ എണ്ണം 50-ൽ നിന്ന് 20-25 ൽ അധികരിക്കാത്ത തരത്തിലാക്കുന്നകാര്യം പരിഗണനയിലുണ്ട്.

9.5% പലിശ ഈടാക്കുന്നതിൽ 5% പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുപുറമെ ബാക്കി 4.5% ത്തിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം കൂടി ലഭ്യമാക്കി ഫലത്തിൽ വായ്പ പലിശരഹിതമാക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) ഈ പദ്ധതി ഇപ്പോൾ കണ്ണൂർ, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു;

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്തൊട്ടാകെ

(എഫ്)ഈ പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

14 (*429) ഹയർ സെക്കണ്ടറി മേഖലയ്ക്ക് നിയമാവലി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹയർ സെക്കണ്ടറി മേഖലയുമായി ബന്ധപ്പെട്ട് വ്യക്തമായ നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി നിലവിൽ വന്നിട്ട് ഒൻപത് വർഷം പിന്നിട്ടിട്ടും നിയമാവലിയുടെ കരട് രേഖ തയ്യാറാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ മേഖലയുമായി ബന്ധപ്പെട്ട് നിയമാവലി തയ്യാറാക്കി നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) തയ്യാറാക്കി വരുന്നു.

(ബി) ഹയർ സെക്കണ്ടറി 1990-91-ൽ നിലവിൽ വന്നെങ്കിലും, പ്രാരംഭഘട്ടത്തിൽ, വളരെ കുറച്ച് പ്ലസ് ടൂ സ്കൂളുകൾ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 1997-98 അദ്ധ്യയന വർഷം മുതൽ പ്രീ-ഡിഗ്രി വേർപ്പെടുത്തലിന്റെ ഭാഗമായി വ്യാപകമായി സ്കൂളുകൾ അനുവദിക്കുകയുണ്ടായി. പ്രാരംഭഘട്ടത്തിൽ വളരെ കുറച്ച് സ്കൂളുകൾ മാത്രമേ കൈകാര്യം ചെയ്യേണ്ടിയിരുന്നുള്ളൂ. എന്നതിനാൽ, അന്ന് ഒരു പ്രത്യേക നിയമാവലിയുടെ ആവശ്യകതയെപ്പറ്റി ചിന്തിക്കേണ്ടിയിരുന്ന സാഹചര്യം ഉടലെടുത്തിരുന്നില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക നിയമനത്തിന്റെ അനുപാതം സംബന്ധിച്ച് സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഈ കേസ് തീർപ്പായെങ്കിൽ മാത്രമേ നിയമാവലിയിലെ ഒരു പ്രധാന ഇനമായ അദ്ധ്യാപക നിയമനം സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. പക്ഷേ കരട് നിയമാവലി തയ്യാറാക്കിയിട്ടുണ്ട്.

15 (*430) ആണവ വൈദ്യുതി നിലയം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആണവ വൈദ്യുതി നിലയം സ്ഥാപിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് പ്രദേശത്താണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ഗവണ്മെന്റ് കേരളത്തിൽ ഒരു ആണവ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി ആണവ ഊർജ്ജ കോർപ്പറേഷന്റെ വിദഗ്ദ്ധ സമിതി 1990-ൽ കേരളം സന്ദർശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സാങ്കേതിക സമിതിയുടെ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്ന വിധത്തിൽ ജല വൈദ്യുതി, തെർമൽ വൈദ്യുതി, ആണവ വൈദ്യുതി എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ പറ്റുന്ന ഒരു വൈദ്യുതി നയം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ആണവ വൈദ്യുതി നിലയം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly